(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വള്ളം യന്ത്രവൽക്കരിക്കുന്നതിന് 10,000 രൂപ സബ്സിഡി, മത്സ്യബന്ധന വലയ്ക്ക് വള്ളം ഒന്നിന് 6000 രൂപ സബ്സിഡി, പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കുമായി കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം നടപ്പാക്കുകയും കടൽ രക്ഷാപ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. സ്വയംതൊഴിൽ പദ്ധതി വഴി മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ പരമാവധി 2 ലക്ഷം രൂപവരെ വായ്പ നൽകുന്ന പദ്ധതി, മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വായ്പ, സ്ത്രീകൾക്ക് മത്സ്യക്കച്ചവടത്തിനുള്ള വായ്പ, മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ നൽകുന്നതിനും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി എന്നിവ ഉൾക്കൊള്ളിച്ച സംയോജിത മത്സ്യവികസന പദ്ധതി, വൈദ്യസഹായം, കുടിവെള്ളം, വൈദ്യുതി, ശുചീകരണം എന്നിവ അടങ്ങിയ തീരദേശ സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾക്കുള്ള പദ്ധതി, വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഭവന നിർ മ്മാണ പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ്, മത്സ്യത്തൊഴിലാളി പെൻഷൻ, ന്യൂ സ്വർണിമ പദ്ധതി, മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കാൻ വനിതകൾക്ക് പരിശീലനം, സ്വർണ ജയന്തി ഗ്രാമസ്വരോസ്ഗാർ യോജന പദ്ധതി, സ്ത്രീകൾക്ക് സ്വയം തൊഴിൽ സംഘങ്ങൾ രൂപീകരിക്കുന്നതിന് പദ്ധതി, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന അംഗങ്ങളുടെ പൊതുക്ഷേമത്തിനായി വിവിധ പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു.

(ഡി) ഇതുസംബന്ധിച്ച് ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രാന്റ് വിതരണത്തിലെ അഴിമതിയെക്കുറിച്ച് അന്വേഷണം

117 (3326) ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം മത്സ്യത്തൊഴിലാളികൾക്ക് ഗ്രാന്റ് വിതരണം ചെയ്തതിൽ ക്രമക്കേട് ഉണ്ടായി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ ;

(ബി) അന്വേഷണത്തിലെ കണ്ടെത്തൽ എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) ഗ്രാന്റ് വിതരണം ചെയ്തതിൽ ക്രമക്കേട് ഉണ്ടായി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഭവന നിർമ്മാണ ഗ്രാന്റിന് അപേക്ഷിച്ചിരുന്നുവെങ്കിലും ഗ്രാന്റ് ലഭിച്ചില്ല എന്നുള്ള പരാതികൾ ലഭിക്കുന്നുണ്ട്. അനുവദിച്ചിട്ടുള്ള യൂണിറ്റുകളേക്കാൾ കൂടുതൽ അപേക്ഷകൾ ലഭിച്ചത് കൊണ്ടാണ് ഇങ്ങനെ പരാതിയുണ്ടാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly